# കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്

കോട്ടയം ഡിവിഷൻ

ക്വട്ടേഷൻ നം. .................. ക്വട്ടേഷൻ തീയതി ..............

## എരുമേലി ഭവന പദ്ധതിയിലെ ഒഴിഞ്ഞു കിടക്കുന്ന സ്ഥലം പാർക്കിങ്ങിന് ആവശ്യത്തിനായി മാത്രം ഏറ്റെടുക്കുന്നതിനുള്ള

## ക്വട്ടേഷൻ ഫോറം

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിൽ കോട്ടയം ഡിവിഷന്റെ കീഴിൽ എരുമേലിയിൽ ഉള്ള **6.82** ഏക്കർ സ്ഥലം ശബരിമല തീർത്ഥാടകർക്ക് പാർക്കിങ്ങിന് നൽകുന്നതിനായി മാത്രം ചുവടെ പറയുന്ന വ്യവസ്ഥയിൽ ലീസ് കരാർ അടിസ്ഥാനത്തിൽ ഏറ്റെടുക്കുന്നതിന് എനിക്ക് സമ്മതമാണ്.

| | | | ദിവസ റേറ്റ് (GST 18% ഒഴികെ) | തുക (GST 18% ഒഴികെ) |
|---|---|---|---|---|
| 6.82 ഏക്കർ സ്ഥലം ശബരിമല തീർത്ഥാടകർക്ക് പാർക്കിങ്ങിന് 2024 **നവംബർ 6-ാം തീയതി മുതൽ** 2025 ജനുവരി 30-ാം തീയതി വരെ മാത്രം ലീസിന് എടുക്കുന്നതിന് | 86 | ദിവസം | | |

അകെ തുകയായ ........................................................................രൂപയുടെ GST (18%) ചേർത്തുള്ള തുക ഒടുക്കിക്കൊള്ളാമെന്ന് ഇതിനാൽ ഞാൻ സമ്മതിക്കുന്നു.

മുകളിൽ ക്വാട്ട് ചെയ്ത തുകയ്ക്കും, ഇതിനോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള നിബന്ധനകൾക്കും വിധേയമായി ടി സ്ഥലം ശബരിമല തീർത്ഥാടകർക്ക് പാർക്കിങ്ങിന് നൽകുന്നതിനായി മാത്രം വാടകയ്ക്ക് എടുക്കുവാൻ ഞാൻ ഇതിനാൽ സമ്മതിക്കുന്നു. ഇതോടൊപ്പം **25,000** രൂപയ്ക്കുള്ള ...............................ബാങ്കിലെ ഡിമാന്റ് ഡ്രാഫ്റ്റ് നമ്പർ (...................തീയതി.............) /) ഉള്ളടക്കം ചെയ്യുന്നു.

Scanned with OKEN Scanner

ടി വസ്തു നിർദ്ദിഷ്ട കാലയളവിൽ ശബരിമല തീർത്ഥാടകർക്ക് പാർക്കിങ്ങിന്റെ ആവശ്യത്തിനല്ലാതെ മറ്റൊന്നിനും ഉപയോഗിക്കില്ലെന്നും, ഭൂമിക്കും ആയതിലുള്ള എല്ലാ മരങ്ങളും മറ്റ് ജംഗമവസ്തുക്കൾക്കും അവകാശമില്ല എന്നും ആയതിന് യാതൊരുവിധ കേടുപാടുകളോ നാശനഷ്ടങ്ങളോ ഉണ്ടാക്കത്തില്ല എന്നും കരാർ കാലാവധിക്ക് ശേഷം പ്രസ്തുത സ്ഥലം മുൻപ് എങ്ങനെ ആയിരുന്നുവോ അതേ അവസ്ഥയിൽ തന്നെ മാലിന്യ നിർമ്മാർജ്ജനം പൂർത്തീകരിച്ചു യാതൊരുവിധ ആക്ഷേപങ്ങളും കൂടാതെ തിരികെ തന്നു കൊള്ളാം എന്നും ഞാൻ സമ്മതിക്കുന്നു.

ഒപ്പ് ............................

പേര് ............................................

മേൽ വിലാസം ..................................

..................................................

..................................................

ഫോൺ നം ....................................

Scanned with OKEN Scanner

# കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്

## കോട്ടയം ഡിവിഷൻ

### ക്വട്ടേഷൻ-കം- ലേല വ്യവസ്ഥകൾ/ നിബന്ധനകൾ

1. ക്വട്ടേഷൻ വ്യവസ്ഥയിലായിരിക്കും സ്ഥലം വാടകയ്ക്ക് നൽകുന്നത് .

2. ക്വട്ടേഷൻ ഫാറങ്ങൾ (100+18% GST) അടച്ച് കോട്ടയം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ ഓഫീസിൽ നിന്നും 2024 ഒക്ടോബർ 26 മുതൽ നവംബർ 4 വരെയുള്ള പ്രവൃത്തി ദിവസങ്ങളിൽ 5.00 മണി വരെ വാങ്ങാവുന്നതാണ്.

3. അവധി ദിസങ്ങളുൾപ്പെടെയുള്ള എല്ലാ ദിവസങ്ങളിലും പദ്ധതി പ്രദേശം സന്ദർശിക്കുന്നതിനു സൗകര്യം ഉണ്ടായിരിക്കുന്നതാണ്. ക്വട്ടേഷൻ സമർപ്പിക്കുന്നതിനു മുമ്പ് പദ്ധതി പ്രേദേശത്തിന്റെ അവസ്ഥയെക്കുറിച്ച് കൃത്യമായി മനസ്സിലാക്കേണ്ടതാണ്. പദ്ധതി പ്രദേശം ഇപ്പോഴത്തെ അവസ്ഥയിലായിരിക്കും നൽകുന്നത്. പിന്നീടുണ്ടാകുന്ന ഒരു പരാതിക്കും ബോർഡ് ഉത്തരവാദിയല്ല. കൂടുതൽ വിശദവിവരങ്ങൾ അറിയണമെങ്കിൽ കോട്ടയം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനിയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ എന്നിവരുടെ ഫോണിൽ നിന്നും അറിയാവുന്നതാണ്.

4. ക്വട്ടേഷൻ സമർപ്പിക്കുന്നവർ നിരതദ്രവ്യമായി 25,000 രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് സമർപ്പിക്കേണ്ടതാണ്. ഡിമാന്റ് ഡ്രാഫ്റ്റ് ഭവന നിർമ്മാണ ബോർഡ് കോട്ടയം ഡിവിഷൻ എക്സി.എഞ്ചിനിയറുടെ പേരിൽ മാറത്തക്കവിധത്തിലായിരിക്കണം സമർപ്പിക്കേണ്ടത്.

5. മുദ്ര വച്ച ക്വട്ടേഷനുകൾ 2024 നവംബർ 4-ാം തീയതി ഉച്ച കഴിഞ്ഞു 5 മണി വരെ സ്വീകരിക്കുന്നതുമാണ്. നിരതദ്രവ്യം മുദ്ര വയ്ക്കാത്ത പ്രത്യേക കവറിൽ അതോടൊപ്പം സമർപ്പിക്കേണ്ടതാണ്

6. ക്വട്ടേഷൻ സമർപ്പിക്കുന്ന കവറിന്റെ മുകളിൽ പദ്ധതിയുടെ പേരും, ക്വട്ടേഷൻ നമ്പർ വ്യക്തമായി ആലേഖനം ചെയ്തിരിക്കണം.

7. ലഭിച്ച ക്വട്ടേഷനുകൾ 2024 നവംബർ 5-ാം തീയതി രാവിലെ 11 മണിക്ക് തുറക്കുന്നതാണ്.

8. ഏറ്റവും കൂടുതൽ തുക സമർപ്പിച്ചിട്ടുള്ള ആളിന്റെ പേരിൽ ക്വട്ടേഷൻ അപ്പോൾ തന്നെ ഭവന നിർമ്മാണ ബോർഡ് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് സ്ഥിരപ്പെടുത്താനോ, നിരാകരിക്കാനോ ഉള്ള അധികാരം എക്സി.എഞ്ചിനിയറിൽ നിക്ഷിപ്തമായിരിക്കും.

9. ക്വട്ടേഷൻ സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ, 3 പ്രവർത്തി ദിവസത്തിനുള്ളിൽ ഉറപ്പിച്ച തുകയുടെ 100% വും കോട്ടയം ഡിവിഷൻ ഓഫീസിൽ ഒടുക്കുകയും കൂടാതെ പെർഫോമൻസ് ഗ്യാരണ്ടി ആയി ക്വാട്ട് ചെയ്ത തുകയുടെ 5 % തുക, 2025 February 28 തിയതി വരെ കാലാവധി ഉള്ള ഡിമാന്റ് ഡ്രാഫ്റ്റ് ആയി ഭവന നിർമ്മാണ ബോർഡ് കോട്ടയം ഡിവിഷൻ എക്സി.എഞ്ചിനിയറുടെ പേരിൽ മാറത്തക്കവിധം കോട്ടയം ഡിവിഷൻ ഓഫീസിൽ സമർപ്പിക്കേണ്ടതും ആയതിനു ശേഷം കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ നിബന്ധനകൾക്ക് വിധേയമായി ലീസ് ഡീഡിൽ ഏർപ്പെടേണ്ടതുമാണ്.

10. ക്വട്ടേഷൻ സ്ഥിരപ്പെടുത്തി കിട്ടുന്ന ആൾ ഏതെങ്കിലും കാരണവശാൽ മേൽ വ്യവസ്ഥ പ്രകാരം ക്വട്ടേഷൻ തുകയുടെ 100%, 3 പ്രവർത്തി ദിവസത്തിനുള്ളിൽ ഒടുക്കി കരാറിൽ ഏർപ്പെടാത്തപക്ഷം ടിയാന്റെ നിരതദ്രവ്യം കണ്ടുകെട്ടുകയും ബോർഡിന്റെ ഫണ്ടിലേയ്ക്ക് മുതൽ കൂട്ടുന്നതാണ്.

11. H1 & H2 ന്റെ ഒഴികെ മറ്റുള്ളവരുടെയെല്ലാം നിരതദ്രവ്യം ഉടൻ തന്നെ മടക്കി നൽകുന്നതാണ്.

12. ക്വട്ടേഷൻ സ്ഥിരപ്പെടുത്തി ലഭിച്ച വ്യക്തി കരാറിൽ ഏർപ്പെടുന്നതിനുള്ള ചാർജുകളും . നികുതികളും, മറ്റു ചെലവുകളും വഹിക്കേണ്ടതാണ്.

Scanned with OKEN Scanner

13. കാരണം പറയാതെ ക്വട്ടേഷനുകൾ ഒന്നായോ മൊത്തമായോ നിരസിക്കുന്നതിനുള്ള അധികാരം കോട്ടയം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനിയറിൽ നിക്ഷിപ്തമാണ്.

14. ഏതെങ്കിലും കാരണവശാൽ ലഭിച്ച ക്വട്ടേഷനുകൾ തുറക്കുന്ന ദിവസം പൊതു അവധിയോ/ ഹർത്താലോ/ പൊതു പണിമുടക്കോ ആകുന്ന പക്ഷം തൊട്ടടുത്ത പ്രവർത്തി ദിവസം അതേ സമയം ലഭിച്ച ക്വട്ടേഷനുകൾ തുറക്കുന്നതാണ്.

15. ഭവന നിർമ്മാണ ബോർഡിന്റെ എല്ലാ ക്വട്ടേഷൻ വ്യവസ്ഥകളും ഇതിനും ബാധകമാണ്.

16. ടി പദ്ധതി സ്ഥലത്ത് ആവശ്യമായ വൈദ്യുതി ,വെള്ളം മുതലായവയുടെ കണക്ഷൻ ക്വട്ടേഷൻ സ്ഥിരപ്പെടുത്തി1 ലഭിച്ച വ്യക്തി തന്നെ സ്വന്തം ചിലവിൽ എടുക്കേണ്ടതാണ്.

17. മാലിന്യ നിർമ്മാജനം പൂർണമായും ക്വട്ടേഷൻ സ്ഥിരപ്പെടുത്തി ലഭിച്ച വ്യക്തിയുടെ ചുമതലയാണ്. ടി പദ്ധതി പ്രദേശം മാലിന്യ മുക്തമായി തിരിച്ച് നൽകിയെങ്കിൽ മാത്രമേ നിരതദ്രവ്യം ആയി ഒടുക്കിയിട്ടുള്ള തുകയും പെർഫോമൻസ് ഗ്യാരണ്ടി ആയി ഒടുക്കിയിട്ടുള്ള തുകയും തിരികെ നൽകുകയുള്ളൂ.

ക്വട്ടേഷൻ സമർപ്പിക്കുന്നയാൾ

ഒപ്പ് ............................

പേര് ............................................

മേൽ വിലാസം ..................................

..............................................

..............................................

ഫോൺ നം ......................................

എക്സിക്യൂട്ടീവ് എഞ്ചിനിയർ

Executive Engineer
Kerala State Housing Board
Kottayam Division
Kottayam - 686 004

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്
കോട്ടയംഡിവിഷൻ
മുട്ടമ്പലം.പി.ഒ, കഞ്ഞിക്കുഴി
കോട്ടയം -686004
PH: 0481-2570410
Email:kshbkottyam@gmail.com

No : DB-1/95/PHS Erumely

തിയതി.24.10.2024

# ക്വട്ടേഷൻ നോട്ടീസ്

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിൽ കോട്ടയം ഡിവിഷന്റെ കീഴിൽ എരുമേലിയിൽ ഉള്ള 6.82 ഏക്കർ സ്ഥലം ശബരിമല തീർത്ഥാടകർക്ക് പാർക്കിങ്ങിന് നൽകുന്നതിനായി കരാർ വ്യവസ്ഥയിൽ ഏറ്റെടുക്കുന്നതിന് ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. ടി വിജ്ഞാപന പ്രകാരമുള്ള ക്വട്ടേഷനുകൾ 2024 നവംബർ 4-ാം തീയതി 5 P.M ന് മുമ്പായി ഭവന നിർമ്മാണ ബോർഡിൻറെ കോട്ടയം ഡിവിഷൻ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

ക്വട്ടേഷനുകൾ സൂക്ഷ്മ പരിശോധന നടത്തി നിബന്ധനകൾക്ക് വിധേയമായി ഭാഗികമായോ പൂർണ്ണമായോ നിരാകരിക്കുന്നതിനും സ്വീകരിക്കുന്നതിനുമുള്ള അധികാരം ഭവന നിർമ്മാണ ബോർഡിൻറെ കോട്ടയം ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയറിൽ നിക്ഷിപ്തമായിരിക്കും. ബോർഡിൻറെ നിലവിലുള്ള വ്യവസ്ഥകൾ ഈ ക്വട്ടേഷനിലും ബാധകമായിരിക്കും.

| | |
|---|---|
| ക്വട്ടേഷൻ ഫോം വില | – 100 രൂപ |
| നിരതദ്രവ്യം | – 250000 രൂപ |
| ക്വട്ടേഷൻ ഫോം നൽകി തുടങ്ങുന്ന തീയതി | – 26.10.2024 , 10 A.M |
| ക്വട്ടേഷൻ ഫോം നൽകുന്ന അവസാന തീയതി | - 04.11.2024 , 5 P.M |
| ക്വട്ടേഷനുകൾ തുറക്കുന്ന തീയതി | - 05.11.2024, 11 A.M |

വിശ്വസ്തതയോടെ,

EE 24/10/24

എക്സിക്യൂട്ടീവ് എൻജിനീയർ

Executive Engineer
Kerala State Housing Board
Kottayam Division
Kottayam - 686 004

Copy to: - Notice Board